


# ST. XAVIER'S HS KARANCHIRA

# ACADEMIC MASTER PLAN

# 2023 - 27

# ആമുഖം

പൊതുവിദ്യാഭ്യാസമെന്ന ആശയം അതിന്റെ അർത്ഥപൂർണമായ തലത്തിൽ നടപ്പിലാക്കിക്കൊണ്ടിരി ക്കുന്ന കാലഘട്ടമാണിത്. വിദ്യാലയത്തിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതോടൊപ്പം ഗുണനില വാരം, അവസര തുല്യത, ലിംഗസമതം പങ്കാളിതം, മാനവികത എന്നിവയ്ക്ക് പ്രാധാന്യം നൽകൽ കൂടി നമ്മുടെ കടമയായി കരുതേണ്ട അവസരമാണിത്. പൊതുവിദ്യദ്യാസം എന്ന ആശയം പ്രസ്തുത ലക്ഷ്യങ്ങൾക്ക് ഊന്നൽ നൽമി തനതായ രീതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. ഇതിന്റെ ഭാഗമായി ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക. ഓരോ കുട്ടിയുടെയും അറിവും കഴിവും അത് പ്രായഘട്ട ത്തിനനുസൃതമായി കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിലൂടെ മാത്രമെ ഇത് കൈവരിക്കാനാകൂ . അക്കാദമികമായി ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്

ഇത്തരം ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓദരാ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ.ഇങ്ങനെ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ .

—---------------------------------

# PROFILE

| | |
|---|---|
| **NAME OF SCHOOL** | **:ST. XAVIER’S HS KARANCHIRA** |
| **VILLAGE** | **:KATTOOR** |
| **NAME OF CLUSTER** | **: KATTOOR** |
| **DISTRICT** | **: THRISSUR** |
| **TALUK** | **: MUKUNDAPURAM** |
| **NAME OF HM** | **: HEERA FRANCIS ALAPPAT** |

# ലക്ഷ്യങ്ങൾ

നവ കേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാ പിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മൂർത്തമായ രീതിയിൽ വിജയിപ്പിക്കുന്നതിന് പഠന-പഠനാനുബന്ധ പ്രവർത്തനങ്ങളെ ശാസ്ത്രീയമായ രീതിയിൽ ജനപങ്കാളിത്തത്തോടെ പൂർത്തിയാണാനുദ്ദേശിക്കുന്ന കർമ പദ്ധതികളാണ് നാം മുന്നോട്ടു വെക്കുന്നത് . ബഹുമുഖ ഇടപെടലുകളിലൂടെ പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുക എന്ന പ്രിസം പദ്ധതിയുടെ അന്തസ്സത്തയെ ദേശീയ പാഠ്യപദ്ധതിയുടെ ചട്ടക്കൂട്, വിദ്യാഭ്യാസ അവകാശനിയമം എന്നിവയുമായി സന്നിവേശിപ്പി ച്ചുകൊണ്ട് മാതൃക, വിദ്യാലയ പ്രവൃത്തിയാണ് പദ്ധതി ലക്ഷ്യമായി നിർണ്ണയിച്ചിട്ടുള്ളത്.

* ഒന്നു മുതൽ പത്ത് വരെയുള്ള എല്ലാ വിദ്യാർത്ഥികളെയും എഴുതുന്നതിനും വായിക്കുന്ന തിനും പ്രാപ്തരാക്കുക.

* മൂല്യബോധം വളർത്തുക.

* ഭൗതിക സാഹചര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക

* കുട്ടികളിലെ സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി അവർക്ക് വളരാനുള്ള അവസരങ്ങളൊരുക്കുക

* കലാ-കായിക-പ്രവൃത്തിപരിചയ മികവ്  ഉറപ്പ് വരുത്തുക.

* പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി ആവശ്യമായ പിന്തുണ ഉറപ്പു വരുത്തുക .

* മദ്യപാനം, മയക്കുമരുന്ന എന്നിവയുടെ ഉപയോഗം തടയുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുക.

* പ്ലാസ്റ്റിക പൂർണമായും നിരോധിക്കുക .

—-------------------------

# സെന്റ് സേവിയേഴ്സ് ഹൈസ്കൂൾ കരാഞ്ചിറ

## ചരിത്രം

കരയും ചിറയും ചേർന്ന പ്രദേശമായ കാരാഞ്ചിറ കരുവന്നൂർ പുഴയുടെ വമപാർശ്വത്തിൽ സ്ഥിതി ചെയ്യുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിന് നാമമാത്രമായ സൗകര്യമേ കാട്ടൂർ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്നുള്ളൂ. ഗതകാലസ്മരണകൾ അയവിറക്കുന്ന കരാഞ്ചിറയുടെ അഭിമാനമാണ് **1890** -ൽ സ്ഥാപിച്ച സെന്റ്. സേവിയേഴ്സ് ഹൈസ്കൂൾ. ഗ്രാമത്തിലെ പൂർവ്വികരുടെ മഹത്തായ കാലടികൾ പതിഞ്ഞ ഈ കലാലയത്തിന് ചരിത്രത്തിന്റെ എത്രയോ കഥകളാണ് പറയാനുള്ളത്.

**1890** പള്ളിക്കൂടം എന്ന നിലയിൽ ശ്രീകൃഷ്ണ പൊതുവാൾ മാസ്റ്ററുടെ നേതൃത്വത്തിൽ **30** കുട്ടികളുമായി തുടങ്ങിയതാണ് ഈ വിദ്യാലയം. ആദ്യകാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസം ആയിരുന്നു ഇവിടെ നൽകിയിരുന്നത് . **1915**മുതൽ ലോവർ പ്രൈമറി സ്കൂൾ ആയി ഉയർത്തപ്പെട്ടു. **1931**ൽ യുപി സ്കൂൾ ഉയർത്തപ്പെട്ടു. സെന്റ് സേവിയേഴ്സ് പള്ളിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയിരുന്നു മാനേജർമാർ തുടർന്നുപോന്നത്.**1964**ൽ അന്നത്തെ മാനേജർ ആയിരുന്ന ഫാദർ തോമസ് വാഴപ്പിള്ളിയുടെ ശ്രമഫലമായി ഈ വിദ്യാലയം ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. **1967** മാർച്ചിൽ ആദ്യത്തെ ബാച്ച് എസ്എസ്എൽസി പരീക്ഷ എഴുതിയതിൽ **80%** വിജയം കൈവരിച്ചു. **1967** മാർച്ചിൽ ആദ്യത്തെ പിടിഎ രൂപീകരിക്കപ്പെട്ടു.

ഈ വിദ്യാലയത്തിൽ നിന്ന് പഠിച്ചിറങ്ങിയ പലരും പിന്നീട് ലോകം ശ്രദ്ധിക്കുന്ന പ്രമുഖരായി മാറി. ഐക്യരാഷ്ട്ര സംഘടനയുടെ ചീഫ് ടെക്നിക്കൽ അഡ്വൈസറായ ശ്രീ കൊമ്പൻ എ ആന്റണി, മുൻ ട്രാൻസ്പോർട്ട് മന്ത്രി ശ്രീ പി കെ വേലായുധൻ, തൃശ്ശൂർ രൂപതാ മുൻ മെത്രാൻ റവ.ഡോക്ടർ ഫാദർ ജോർജ് ആലപ്പാട്ട്, ലോകപ്രശസ്ത വ്യവസായി ശ്രീ. എം എ യൂസഫലി, നാളികേര വികസന ബോർഡ് മുൻ ചെയർമാൻ ശ്രീ ജോസഫ് ആലപ്പാട്ട്, മുൻ എംപി ശ്രീ സി കെ ചക്രപാണി, ഡെപ്യൂട്ടി കളക്ടർ ശ്രീമതി.ഗിരിജ കെ കാട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ആയിരുന്ന ശ്രീമതി.ഷീജ പവിത്രൻ,സൗത്ത് ഇന്ത്യൻ ബാങ്കിന്റെ മുൻ ഡയറക്ടർ ശ്രീ. ആലപ്പാട്ട് ലോനപ്പൻ സെന്റ് തോമസ് കോളജ് പ്രിൻസിപ്പൽ ശ്രീ. മാത്യു തെക്കേക്കര ബിഷപ്പ് ആലപ്പാട് ജൂബിലി മിഷൻ ഹോസ്പിറ്റൽ മുൻ ഡയറക്ടർ ആയിരുന്ന റവ. ഡോക്ടർ ഫാദർ ഫ്രാൻസിസ് ആലപ്പാട്ട് , ബിഎസ്എൻഎൽ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. ഫ്രാൻസിസ് ജേക്കബ് കവലക്കാട്ട് എന്നിവർ ഈ സ്കൂളിന്റെ അഭിമാന സ്തംഭങ്ങളാണ് കാട്ടൂർ പഞ്ചായത്തിലെ ഏറ്റവും മികച്ച വിദ്യാലയത്തിനുള്ള എവറോളിംഗ് ട്രോഫി കഴിഞ്ഞ കുറെ വർഷങ്ങളായി ഈ സ്കൂളിനാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്

# വിദ്യാലയം മികവിന്റെ കേന്ദ്രം

കാട്ടൂർ പഞ്ചായത്തിലെ ഏറ്റവും മികച്ച വിദ്യാലയങ്ങളിൽ ഒന്നാണ് കരാഞ്ചിറ സെന്റ്. സേവിയേഴ്സ് ഹൈ സ്കൂൾ. ഏറ്റവും മികച്ച വിദ്യാലയത്തിനുള്ള എവറോളിംഗ് ട്രോഫി കഴിഞ്ഞ കുറെ വർഷങ്ങളായി ഈ സ്കൂളിനാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. സെന്റ് സേവിയേഴ്സ് ഹൈ സ്കൂൾ ഒരു നൂറ്റാണ്ട് പിന്നിടുമ്പോൾ വളരെ പുരോഗമനപരമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. മികവുകൾ പറയുമ്പോൾ ആദ്യമായി പറയേണ്ടത് കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, ഗ്രൗണ്ട്, ശലഭോദ്യാനം എന്നിവ സ്കൂളിന്റെ മികവുകളാണ് മ്യൂസിക്, യോഗ, സ്പോർട്സ്, ഡാൻസ് എന്നീ ഇനങ്ങളിലും പരിശീലനം നൽകിവരുന്നു. സ്കൂളിന്റെ ചിട്ടയായ പ്രവർത്തനങ്ങൾക്ക് പിടിഎ മദർ പിടിഎ ക്ലാസ് പിടിഎ ഡിസിപ്ലിൻ കമ്മിറ്റി എന്നിവരുടെ പ്രവർത്തനങ്ങൾ സ്കൂളിന്റെ മികവ് വർദ്ധിപ്പിക്കുന്നു. ഓൾഡ് സ്റ്റുഡൻസ് അസോസിയേഷന്റെ സഹകരണത്തോടെ പൂർവ്വ വിദ്യാർത്ഥിയായ പ്രമുഖ വ്യവസായി ശ്രീ എം എ യൂസഫലി സംഭാവന നൽകിയ സ്കൂളിന്റെ പുതിയ കെട്ടിടം **b**നിർമ്മിക്കാനുള്ള തീരുമാനമായി. സ്കൂളിന്റെ ഉച്ചഭക്ഷണ പദ്ധതി വിജയകരമായി നടത്തിവരുന്നു. ശാസ്ത്രോത്സവം കലോത്സവം വിജ്ഞാനോത്സവം സ്പോർട്സ് എന്നിവയിൽ പങ്കെടുത്ത് ഉയർന്ന ഗ്രേഡ് കരസ്ഥമാക്കാൻ സാധിച്ചു. എസ് എസ് എൽ സി യിൽ **100%** വിജയവും **full A+** ഉം കരസ്ഥമാക്കി. എൽ എസ് എസ്, യു എസ് എസ് എന്നീ വിജയങ്ങൾ കരസ്ഥമാക്കി. സയൻസ്, സോഷ്യൽ സയൻസ്, ഗണിതം, ഇംഗ്ലീഷ്, മലയാളം, ഹിന്ദി, സംസ്കൃതം, ഐ ടി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ നടന്നുപോകുന്നു **Eco** ക്ലബ്ബിന്റെ ഭാഗമായി പച്ചക്കറി കൃഷി കുട്ടികൾ മനോഹരമായി നടത്തിവരുന്നു. മികച്ച വിദ്യാർഥി വിദ്യാർഥിനികൾക്ക് വാർഷാവസാനം നൽകിവരുന്ന അവാർഡുകൾ കുട്ടികളെ കൂടുതൽ ഉയർച്ചയിലേക്ക് എത്തിക്കുന്നു പഠനത്തിൽ കുട്ടികൾക്ക് കൈത്താങ്ങായി അധ്യാപകർ പ്രവർത്തിക്കുന്നു ഹൈസ്കൂൾ കുട്ടികൾക്ക് രാവിലെയും വൈകീട്ടും പ്രത്യേക ക്ലാസുകൾ ചെയ്തുവരുന്നു. പഠനത്തിൽ മികവ് പുലർത്താത്ത കുട്ടികൾക്ക് അധ്യാപകർ പ്രത്യേകം പരിശീലനം നൽകുന്നു. കുട്ടികൾ സ്കൂളിലേക്ക് വരുന്നതിനും പോകുന്നതിനും പ്രത്യേകം വണ്ടി സൗകര്യം ഒരുക്കിയിട്ടുണ്ട്. കുട്ടികളെ കൂടുതൽ മനസ്സിലാക്കുന്നതിന് വീട് സന്ദർശനം നടത്തിവരുന്നു സ്കൂൾ പ്രവർത്തനങ്ങൾക്ക് പുറമേ സാംസ്കാരിക പ്രവർത്തനങ്ങളിലും കുട്ടികളുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നു. സ്കൂളിന്റെ എല്ലാവിധ പ്രവർത്തനങ്ങൾക്കും ഹെഡ്മിസ്ട്രസ് ഹീര ടീച്ചർ നേതൃത്വം നൽകിവരുന്നു

നിലവിലെ അവസ്ഥാ വിശകലനം

നമ്മുടെ വിദ്യാലയത്തിലെ സവിശേഷ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തികൊള്ളുന്നതും വിശാലമായകാഴ്ചപ്പാടോടുകൂചിയുള്ളതും ആയിരിക്കണം

| CLASS | STRENGTH |
|---|---|
| I | 11 |
| II | 21 |
| III | 16 |
| IV | 15 |
| V | 19 |
| VI | 26 |
| VII | 17 |
| VIII | 44 |
| IX | 31 |
| X | 28 |
| TOTAL | 228 |

## നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് |
|---|---|
| ക്ളസ് മുറി | 23 |
| അടുക്കള | YES |
| കിണർ | YES |
| ചുറ്റുമതിൽ | NO |
| കളിസ്ഥലം | YES |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 7 |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 10 |
| ലൈബ്രറി | YES |
| കമ്പ്യൂട്ടർ ലാബ് | YES |
| സൗണ്ട് സിസ്റ്റം | YES |
| റീഡിങ് റൂം | YES |
| വിഷയ ലാബുകൾ | YES |
| സ്റ്റേജ് | YES |
| ലാപ്ടോപ് | 14 |
| പ്രൊജക്ടർ | 7 |

5 സ്കൂൾ തലവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തികളും നമ്മുടെ എല്ലാ കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ളതാണ്. നമ്മുടെ പദ്ധതികളുടെ ഗുണഭോക്താക്കൾ വിദ്യാർത്ഥികളാണ്. ക്രമേണ ഈ പദ്ധതികളുടെ ഫലം അവരുടെ കുടുംബത്തിനും സമൂഹത്തിനും നമ്മുടെ രാഷ്ട്രത്തിനും ലഭിക്കുന്നു.

* നമ്മുടെ വിദ്യാർത്ഥികൾക്ക് കൊറോണയെ തുടർന്നുണ്ടായ പഠനവിടവ് മൂലം ഗണിതം, ഭാഷകൾ, ശാസ്ത്രസംബന്ധ വിഷയങ്ങൾ തുടങ്ങിയവയിൽ പ്രശ്നം നേരിടുന്നു.
* കുട്ടികളുടെ വ്യക്തിപരവും കുടുംബപരവുമായ പ്രശ്നങ്ങൾ മൂലം അവരുടെ വ്യക്തിത്വ വികസനം താഴേക്ക് പോകുന്നു.
* കലാ കായികരംഗത്ത് കുട്ടികൾക്ക് പങ്കെടുക്കാനുള്ള അവസരങ്ങൾ ധാരാളം ഉണ്ടെങ്കിലും പ്രകടനമികവിൽ പിന്നോക്കാവസ്ഥ നേരിടുന്നു.
* വിദ്യാലയത്തിൽ അധ്യാപകരുടെ എണ്ണക്കുറവ് മൂലം - അധ്യാപകർക്ക് ജോലിഭാരം വർധിക്കുന്നു. - അധ്യാപനത്തേക്കാൾ കൂടുതൽ ക്ലറിക്കൽ ജോലികളാണ് അധ്യാപകരെക്കൊണ്ട് ചെയ്യിപ്പിക്കുന്നത്.
* ഉപകാരപ്രദമല്ലാത്തതും നിലവാരമില്ലാത്തതുമായ training programmes നിർത്തലാക്കുകയും - കുട്ടികളുടെ വ്യക്തിത്വ വികസനത്തിനും കഴിവുകൾ വർധിക്കുന്നതിനുമുള്ള നിലവാരമുള്ള training programmes നടത്തുക.

* ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
* ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷയെ കുറിച്ച് ധാരണയില്ല.
* കലാ- സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.

## പദ്ധതി വിശദാംശങ്ങൾ

* LP UP classrooms എത്രയും വേഗം പുതുക്കി പണിയുവാൻ ധാരണയായി.
  ഫണ്ട് - OSA
* ഗണിതം, ഭാഷകൾ, ശാസ്ത്രം എന്നിവയിലുള്ള വിഷമം നേരിടുന്നതിനുള്ള പരിഹാരമായി കുട്ടി നിർബന്ധമായും ആർജ്ജിക്കേണ്ടുന്ന ശേഷികൾ ഉറപ്പു വരുത്തുന്നതിനുള്ള പ്രത്യേക പ്രവർത്തനങ്ങൾ, ക്ലാസുകൾ തുടങ്ങിയവ നടപ്പിലാക്കുക. പഠനതന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക
* വ്യക്തിത്വവികസനം, മാനസികാരോഗ്യം എന്നിവ ആർജ്ജിക്കുന്നതിനായി രക്ഷിതാക്കൾക്കും കുട്ടികൾക്കും കൗൺസലിംഗ് ക്ലാസുകൾ, ബോധവത്കരണ ക്ലാസുകൾ പ്രശ്നം തിരിച്ചറിഞ്ഞുകൊണ്ടുള്ള ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുക.
* കലാ കായിക രംഗങ്ങളിലും ആസ്വാദനരംഗത്തും ഉള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പരിശീലനസാധ്യതകൾ സ്കൂളിൽ തന്നെ ഒരുക്കുക. ആസ്വാദന സാധ്യതകൾ ഒരുക്കി കൊടുക്കുക.
* സാമൂഹിക ഇടപെടലിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക. പരിശീലന സാധ്യതകൾ സ്കൂളിൽ തന്നെ ഒരുക്കുക. അനുകരണീയ മാതൃകകളുള്ള കലാരൂപങ്ങളുടെ പ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കുക.
* കുടുംബത്തിന്റെ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളിലെ പരിമിതികൾ പരിഹരിക്കുന്നതിനായി സാമൂഹിക മാറ്റത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. കുട്ടിയുടെ സാഹചര്യങ്ങൾ മനസ്സിലാക്കി സ്കൂളിന്റെ ഭാഗത്തു നിന്നുള്ള ഇടപെടൽ നടത്തുക.

കുട്ടികളുടെ ഭാഗത്തുനിന്നുണ്ടാവുന്ന അനഭിലഷണീയമായ പ്രവണതകളും പ്രവർത്തനങ്ങളും പരിഹരിക്കുന്നതിനായി കൗൺസിലിംഗ്, ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടപ്പിലാക്കുക.

* ഒഴിവുദിവസങ്ങളിൽ കുട്ടികളെയും രക്ഷിതാവിനെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ട്രെക്കിങ്ങ് പഠനയാത്ര നടത്തുന്നു.
* വ്യത്യസ്ത കലാരൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികൾക്കായി വിവിധ ക്ലാസുകൾ സംഘടിപ്പിക്കുന്നു.
* ഗണിത പുസ്തകങ്ങൾ ശേഖരിച്ച് മികച്ച ഗണിത ലൈബ്രറി ഉണ്ടാക്കുന്നു.
* ഗണിത ക്ലബ് ശാക്തീകരണം. ഗണിത മാഗസിൻ പ്രസിദ്ധീകരണം.

# പ്രതീക്ഷിത നേട്ടം

- ഭിന്നശേഷി കുട്ടികളെ കണ്ടെത്തി തരംതിരിക്കൽ
- അവരുടെ ആവശ്യങ്ങൾ നിർണ്ണയിക്കൽ
- വിവിധ മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുപ്പിക്കൽ
- അധ്യാപക പരിശീലനം
- രക്ഷിതാക്കൾക്കുള്ള പരിശീലനം
- സാമൂഹിക പരിശീലനം
- വിദ്യാർഥികൾക്കുള്ള ബോധവൽക്കരണം
- കരാട്ടെ പരിശീലനം
- പഠനോപകരണ നിർമ്മാണം
- ദിനാചരണം
- വ്യക്തിഗത പരിശീലനം
- വിദഗ്ധരുടെ ക്ലാസുകൾ
- പ്രവൃത്തി പരിചയം
- ഡോക്യുമെന്റേഷൻ

തുടങ്ങിയവ പ്രതീക്ഷിത നേട്ടങ്ങളാക്കി കണക്കാക്കാം. ഭിന്നശേഷിക്കാരെ കൂടെ ചേർത്ത് അവരെ സമൂഹത്തിന്റെ മുഖ്യധാരയുടെ ഭാഗമാക്കി മാറ്റുമ്പോഴാണ് നമ്മുടെ പൊതുവിദ്യാഭ്യാസം അർഥവത്തായി തീരുന്നത്.

## നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ

1. ലൈബ്രറി വികസനം
2. സയൻസ് ലാബ് നവീകരണം
3. കുട്ടികളുടെ പാർക്ക്
4. ശലഭോദ്യാനം
5. വിദ്യാലയ സൗന്ദര്യവൽക്കരണം
6. കമ്പ്യൂട്ടർ ലാബ് നവീകരണം
7. സോളാർ പ്രോജക്റ്റ്
8. പുതിയ സ്കൂൾ കെട്ടിടം

## നടപ്പിലാക്കിയ പദ്ധതികൾ

സമഗ്ര ഗുണമേന്മ പദ്ധതി ലക്ഷ്യം വെച്ചുകൊണ്ടുള്ള അക്കാദമിക പ്രവർത്തനങ്ങളാണ് നടക്കുന്നത് . അക്കാദമിക മാസ്റ്റർ പ്ലാൻ രൂപം കൊടുത്തപ്പോൾ ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങളിൽ

ലൈബ്രറി വികസനം, സയൻസ് ലാബ് നവീകരണം , കുട്ടികളുടെ പാർക്ക്,

ശലഭോദ്യാനം, വിദ്യാലയ സൗന്ദര്യവൽക്കരണം

തുടങ്ങിയ പദ്ധതികൾ വളരെ ഭംഗിയായി നടപ്പിലാക്കാൻ സാധിച്ചു. കമ്പ്യൂട്ടർ ലാബിന്റെ നവീകരണം നടന്നുകൊണ്ടിരിക്കുന്നു .സോളാർ പ്രോജക്ട് ഈ വർഷം നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു .

**LP**

**(1,2,3,4)**

**MALAYALAM**

**ENGLISH**

**MATHS**

**PARISARA PADANAM**

# ആമുഖം

ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗ്ഗാത്മക മേഖല, വൈകാരിക മേഖല എന്നീ തലങ്ങളിൽ കുട്ടികൾ നേടിയെടുക്കേണ്ട ശേഷീ വികസനത്തിന് ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സമഗ്രവളർച്ചയാണ് ഈ വർഷം വിവിധ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതിന് സഹായകമായ ഏതാനും പ്രവർത്തനങ്ങളാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# മുന്നൊരുക്കം

* കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നതിന് പ്രീ-ടെസ്റ്റ് നടത്തുന്നു.
* രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ, എന്നിവ കണ്ടെത്തുന്നു.

# പ്രവർത്തന ലക്ഷ്യം

* ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും ലളിതമായ ബാല സാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

# ജൂൺ

* കുട്ടികഥകൾ കേൾക്കാൻ അവസരം നൽകുന്നു.
* കേട്ട കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.

# ജൂലൈ

* കഥകൾ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.

* കഥയിലെ ആശയത്തെ ചിത്രീകരിക്കാൻ അവസരം നൽകുന്നു.
* ക്ലാസ്സ് ലൈബ്രറി ശക്തമാക്കുന്നു.

# ആഗസ്റ്റ്

* വീട്ടുലൈബ്രറി ഒരുക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

# സെപ്റ്റംബർ

* ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു.
* കുട്ടിയുടെ വാചിക പ്രകടനങ്ങൾ.

# ഒക്ടോബർ

* ലളിതമായ വായനക്കാർഡുകൾ അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ വായിക്കുന്നു.
* കുട്ടിയുടെ സ്വന്തം കഥ പറയൽ.

# നവംബർ

* ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ അധ്യാപകരും രക്ഷിതാക്കളും എഴുതുന്നു. കുട്ടി ഇവരുടെ സഹായത്തോടെ തന്നെ അത് വായിക്കുന്നു.

# ഡിസംബർ

* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കുന്നു.
* കഥയെ സംഭാഷണ രൂപത്തിൽ അവതരിപ്പിക്കുന്നു.

# ജനുവരി

* ചാർട്ടിൽ പ്രദർശിപ്പിക്കുന്ന കഥകൾ കുട്ടികൾ വായിക്കുന്നു.

* രക്ഷിതാക്കളുടെ സഹായത്താൽ വായനക്കാർഡുകൾ തയ്യാറാക്കുക.

## ഫെബ്രുവരി

* ചെറിയ ബാലസാഹിത്യ കൃതികൾ ക്ലാസ്സ് ലൈബ്രറിയിൽ ഒരുക്കുന്നു. അധ്യാപകരുടെ പിന്തുണയോടെ കുട്ടികൾ അത് വായിക്കുന്നു.

## മാർച്ച്

* ചിത്രകഥ പുസ്തകങ്ങൾ സ്വയം വായിക്കുന്നു. ക്ലാസ്സ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിക്കുന്നതിന് ഭാഷാപിരീഡുകളിൽ അവസരം ഒരുക്കുന്നു.

## INTRODUCTION

In this academic year we, ST. xaviers H.S. karanchira, has decided to ensure that all the children have accure knowledge in English, especially the communicate Skills. So, the activities for that are listed below.

## AIM

To speak, Read and write English without any mistakes.

## JUNE

* Gives chance to hear simple stories.
* Drawing the characters.
* Try to express the stories in their own way.
  (Hare and the Tortoise)

## July

* Teacher reads the stories in proper voice modulation.
* Simple descriptions - using the size, shape, colour of the object.
* making simple reading cards.
* Reading of their own reading cards.
* Speech - Independence day.
* Action song.
* Hello English Activities
* Conversation - English in simple conversations.

## SEPTEMBER

* Self Introduction in ST. xavier's Flower chanel and also Story presentation.

## AUGUST

* Simple descriptions - using the size, shape, colour of the object
* making simple reading cards.
* Reading of their own reading cards.
* Speech independence day

* Speaking - Growing sentences
* conversations using masks

## OCTOBER

* Writing descriptions.
* Answering simple riddles
* Picture reading
* Picture dictionary making.

## NOVEMBER

* Reading simple stories with the help of parents.
* collect small story books.

## DECEMBER

* Arrange a small reading corner or library in their home
* writing the names of characters in which the story they had read.

## JANUARY

* All the children present a simple story in our channel

## FEBRUARY

* making a simple storybook with simple sentences and pictures.
* presenting their own storybook in school assembly/ PTA meeting.

## MARCH

* conducting English language fest.
* All the students present an English activity in fest

## ആമുഖം

ഒന്നാം ക്ലാസ്സിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടതാണ്. ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണല്ലോ. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിൻതള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് നമുക്കാവശ്യമാണ്. ജീവിതത്തിൽ ഓരോ വ്യക്തിക്കും ഗണിതം അത്യന്താപേക്ഷിതമാണ്. ഗണിതം ഇല്ലാതെ ജീവിതത്തിൽ ഒന്നുമില്ല. ഗണിതം പാട്ടുകളിലൂടെയും കളികളിലൂടെയും ആസ്വാദ്യകരമാക്കാം. വ്യത്യസ്തതരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക്ക് മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

* 1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.
* 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശകലനം ചെയ്യുന്നു.

* Five Frame-ൽ ഗണിതക്രിയകൾ ചിത്രീകരിക്കുന്നു.
* പകുതിയാക്കൽ പങ്കിടുന്ന സംഖ്യകളും അല്ലാത്തവയും വസ്തുക്കൾ വെച്ച് കണ്ടെത്തി വിശദീകരിക്കുന്നു. (2/4, 3/5)
* ഗണിതപഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതത്തിന് തയ്യാറാകുന്നു.
* 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
* 9 ൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
* ഒറ്റസംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു.
* ആരോഹണം, അവരോഹണം.
* രണ്ട് ഒറ്റ സംഖ്യകളുടെ സങ്കലനം (3+5=8)
* വ്യവകലനം (5-2-3)
* സംഖ്യാവ്യാഖ്യാനം (5) — 3+2, 2+3, 4+1
* സംഖ്യാപാറ്റേൺ.
* 1– 20 വരെ നിർധാരണം ചെയ്യൽ.

ലക്ഷ്യം

ഇരട്ടസംഖ്യയും ഒറ്റസംഖ്യയും ഉൾപ്പെടുന്ന പ്രക്രിയയായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

• വ്യവകലനം, സങ്കലനം, സംഖ്യാവ്യാഖ്യാനം എന്നിവയിൽ ഏർപ്പെടുന്ന


## JUNE

* സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
* സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.
* സംഖ്യാ കാർഡ് നിർമ്മിക്കൽ

## JULY

ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതത്തിന് തയ്യാറാക്കുന്നു.

* സംഖ്യകൾക്ക് അനുസരിച്ച് ചിത്രങ്ങൾ വരച്ച് സംഖ്യാകാർഡ്



## AUGUST

* 1 മുതൽ 20 വരെയുള്ള സംഖ്യകൾ, തിരിച്ചറിയൽ പ്രവർത്തനങ്ങൾ
* വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
* കൂടുതൽ, കുറവ് തിരിച്ചറിയൽ.
* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.

## *SEPTEMBER

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ.
* ഒറ്റസംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ $5+3=8$
* ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകളിൽ ഏർപ്പെടൽ $5-3=2$
* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതക്രിയകളിൽ ഏർപ്പെടൽ.
* ഒന്നിനോട് ഒന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്, സംഖ്യാഗാനം അവതരിപ്പിക്കൽ.

$1+1=2$ $2+1=3$

## OCTOBER

* ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകൾ ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

1 2 3 4 5 6 7 8 9 10

* വലിയസംഖ്യ, ചെറിയസംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ

## NOVEMBER

* സംഖ്യാഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു.
* ഗണിതപ്രവർത്തനങ്ങൾ അഭ്യാസങ്ങളാക്കിയ worksheet കൾ നൽകൽ
* ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിൽ സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.

10+1=11
10+2=12
10+3=13
10+4=14
10+5=15

## DECEMBER

* സംഖ്യകൾ ആരോഹണ, അവരോഹണക്രമത്തിൽ എഴുതൽ.
* ഗണിത ആൽബം തയ്യാറാക്കൽ.
* my number book തയ്യാറാക്കൽ.
* സംഖ്യകളെ സുന്ദരിയാക്കൽ worksheet പ്രവർത്തനങ്ങൾ


1 2 3 4

## January

ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ

10+1=9
10-2=8
10-3=7
10-4=6
10-5=5

× സങ്കലനം, വ്യവകലനം (+, -) ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ് നേടുന്നു.
* സംഖ്യാവ്യാഖ്യാനത്തിലേക്ക് കടക്കുന്നു. (1-10 വരെയുള്ള സംഖ്യകൾ)




## FEBRUARY

* ഗണിതം - ജാലകം CPTA യിൽ പ്രദർശനം.
* ഗണിതമേളക്ക്, സംഖ്യസമ്പൂർണ്ണ ജാലകം ക്ലാസുകൾ പ്രദർശനം
* സംഖ്യാനാമ ജാലകം ക്ലാസുകളിൽ പ്രദർശനം.
* വിലവിവരപ്പട്ടിക - പ്രശ്നവിശകലന ക്രിയകളിൽ ഏർപ്പെടൽ.
* ഉല്ലാസഗണിതം പ്രവർത്തനങ്ങൾ

## MARCH

* ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വിവിധ worksheet - നൽകൽ
* ഗണിതകിറ്റ് പ്രവർത്തനങ്ങൾ
* സംഖ്യകൾ - പകുതി മുഴുവൻ തിരിച്ചറിയൽ

മേഖല - അക്കാദമിക്സ്
ഉപമേഖല - ഭാഷ
ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1. കവികളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അധ്യാപകർ SMC | SMC |
| | 2. പുസ്തകശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അധ്യാപകർ SMC | SMC |
| | 3. ചിത്രഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബുകൾ | |
| വായനാപരിപോഷണം | 1. പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തകശേഖരണം | നവംബർ | | |
| | 2. വായനാക്കളരി | ആഴ്ചയിലൊന്ന് | വായനശാല SMC SRG | ക്ലബ് SMC SRG |
| | 3. നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

മേഖല - അക്കാദമികം
ഉപമേഖല - പരിസരപഠനം
ക്ലാസ് III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം പോലു പരീക്ഷണങ്ങൾ കണ്ടെത്തുന്നു കുറിപ്പു തയ്യാറാക്കൽ. | ജൂൺ ജൂലൈ ആഗസ്ത്. | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ - വൈവിധ്യ പാർക്ക് തടയണ, മഴക്കുഴി നിർമ്മാണം ജലസ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണങ്ങളിലെ പങ്കാളിത്തം | ജൂലൈ ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം പരീക്ഷണം വീട്ടിനകത്തും ശാസ്ത്രമാസികകൾ. | | | |

# മലയാള ഭാഷ (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. ആവശ്യ വായനസാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ. പുസ്തകപരിചയം, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം, ആനുകാലികവായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിദിനം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയിലൂടെ രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുവനീറുകളുമായി കത്തി [illegible] | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | | | | |
| വായന പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ<br>വായനാവേള ഒരുക്കൽ<br>വായനാക്കുറിപ്പ് - പുസ്തകപരിചയം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ്ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ് | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസമുണ്ടാക്കൽ) | വായനാമത്സരം രചനാമത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | | രക്ഷിതാക്കൾ |

ഗണിതം Std IV

| | | | | |
|---|---|---|---|---|
| **കളിക്കാം ഗണിക്കാം** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പിലാക്കൽ - മൂല്യനിർണ്ണയം. (ഗുണനവും ഹരണവും ഡയസ്കളി) സങ്കലനം - വ്യവകലനം (ചെപ്പുവടകളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം.** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ഗണിതപഠനോപകരണ ശില്പശാല | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം. പ്രദർശനം | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ | PTA |
| ഗണിതമേള | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠനോൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ്ടീച്ചർ | PTA |

## പരിസരപഠനം std IV

| പ്രകൃതി നടത്തം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| നിരീക്ഷണം അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| ശാസ്ത്രമേള | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ClassTeacher | PTA<br>SSA |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക് ശാസ്ത്ര മേഖലാ പ്രദർശനങ്ങൾ ഫോക്ക് ലോർ അക്കാദമി എന്നിവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ClassTeacher | PTA<br>രക്ഷിതാക്കൾ |
| ഭൂപടം ഒരുക്കാം | | | | |
| കേരളം - ഇന്ത്യ - ഭൂപട വായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം | വർഷത്തിലൊന്ന് | SRG<br>ClassTeacher | PTA |

UP

ലക്ഷ്യങ്ങൾ

## ഭാഷ

1. ഭാഷ തെറ്റു കൂടാതെ വായിക്കാനും എഴുതാനും പഠിക്കുക.

2. സ്വന്തം ആശയങ്ങൾ സ്ഥലകാലസാഹചര്യങ്ങൾക്കനുസരിച്ച് തെറ്റ് കൂടാതെ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കുന്നു.

3.കാണുന്നതും കേൾക്കുന്നതും ഗ്രഹിക്കാനുള്ള കഴിവ് വളർത്തുക.

4. പുസ്തകങ്ങൾ വായിക്കാനും അവയുടെ ഭാഷാനൈപുണ്യം വളർത്താനുമുള്ള ആവേശം കുട്ടികളിൽ ഉണ്ടാക്കുക.

5. മാധ്യമങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്ത് ഭാഷയെ മെച്ചപ്പെടുത്താൻ പ്രാപ്തരാക്കുക.

## അടിസ്ഥാനശാസ്ത്രം

1. സസ്യവൈവിധ്യത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് സംരക്ഷണ മാർഗങ്ങൾ നിർദേശിക്കുന്നു.

2. ശുദ്ധജലസ്രോതസ്സുകൾ മലിനമാകുന്ന സാഹചര്യങ്ങൾ കണ്ടെത്താനും ജലസംരക്ഷണമാർഗങ്ങൾ നിർദേശിക്കാനും പ്രാവർത്തികമാക്കാനും കഴിയുന്നു.

3. മഴക്കാലദുരന്തങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതലുകൾ നിർദേശിക്കുക. നാം ഉപയോഗിക്കുന്ന പച്ചക്കറികളിൽ ചിലതെങ്കിലും സ്വന്തമായി ഉല്പാദിപ്പിക്കേണ്ടവയാണെന്ന് തിരിച്ചറിയുന്നതിനും പച്ചക്കറിത്തോട്ടം നിർമിക്കുന്നതിനും.

4. വ്യക്തിശുചിത്വം,സാമൂഹികശുചിത്വം എന്നിവയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് നിർദേശങ്ങൾ നൽകാനും ശുചിത്വം പാലിക്കാനും.

5. ഊർജസംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു.

**സാമൂഹ്യശാസ്ത്രം**

1.അർഥപൂർണമായ ഭൂപടവായന ക്രമീകരിക്കുന്നു.

2.പൊതുവിജ്ഞാനത്തിന് ഊന്നൽ നല്കുന്നു,

3.പ്രാചീന- മധ്യ- ആധുനിക ഇന്ത്യയുടെ പ്രധാന സംഭവങ്ങളെ തരംതിരിക്കുന്നു.

4.പ്രാദേശിക ചരിത്രാവബോധം വളർത്തുക.

5.പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്രപഠനം കാര്യക്ഷമമാക്കുന്നു.

6.ക്ലബ്പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു.

**ഗണിതം**

1.ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം എന്നിവ സഹായകമാകുന്നുവെന്ന് തിരിച്ചറിയുന്നു.

2. വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് വളർത്തുന്നു.

3. ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു.

4. കൃത്യതയോടും സൂക്ഷ്മതയോടുംകൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാകുന്നു.

5. ഗണിതപഠനത്തിൽ I C T സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ആയാസകരമാക്കുന്നു.

6. ജ്യാമിതീയരൂപങ്ങൾ തിരിച്ചറിയുന്നു, നിർമിക്കുന്നു.

7. സംഖ്യാപാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുന്നു.

8. ഗുണനപട്ടിക മനഃപാഠമാക്കുന്നു.

9. ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

10. പ്രശ്നപരിഹാരം, പ്രായോഗികപ്രശ്നപരിഹാരം.

11. ജ്യാമിതിയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമിക്കുന്നു.

UP

## ഗണിതകൗതുകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|---|
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ചതുഷ്ക്രിയകൾ ഉറപ്പിക്കുന്ന ഗണിത ലാബ് പ്രവർത്തനങ്ങൾ | ചതുഷ്ക്രിയകൾ പ്രയോജനപ്പെടുത്തി പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br>സംഖ്യകളെ വ്യാഖ്യാനിക്കൽ | ഗണിത അധ്യാപിക | ആദ്യ ആറുമാസം | – |
| ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിതപഠനം ആയാസകരമായ ആക്കൽ | G Compris ഉപയോഗിച്ച് സാധാരണക്രിയകൾ ആയാസരഹിതമാക്കൾ<br>ക്രിയാവേഗം കൂട്ടൽ<br>Geogebra ഉപയോഗിച്ച് ജാമിതീയ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തൽ | ഗണിത പഠനം സുഗമമാക്കൽ<br>ഗണിത പ്രശ്നങ്ങൾ വേഗത്തിൽ മനക്കണക്കായി ചെയ്യൽ<br>ജാമിതീയ രൂപങ്ങളെകുറിച്ച് വ്യക്തമായ അറിവ് നേടൽ | ഗണിത അധ്യാപിക | ദീർഘകാലം | – |
| ഗണിതത്തിൽ താല്പര്യം വളർത്തൽ | ഗണിത പതിപ്പുകൾ നിർമ്മിക്കൽ<br>പസിൽ ഫെസ്റ്റ്<br>നിർമ്മാണ ശില്പശാല<br>ഗണിത പ്രശ്നോത്തരികൾ | സ്വയം പഠനം, സംഘ പഠനം എന്നിവ പ്രോത്സാഹിപ്പിക്കൽ<br>ഗവേഷണാത്മക പ്രവർത്തനങ്ങളിൽ താല്പര്യം ജനിപ്പിക്കൽ | ഗണിത ക്ലബ്ബ് | മൂന്നുമാസത്തിലൊരിക്കൽ | PTA |
| ഗണിവുമായി ബന്ധപ്പെട്ട വിവരങ്ങൾ കുട്ടികളിലേക്ക് എത്തിക്കൽ | ബുള്ളറ്റിൻ ബോർഡ്.<br>സൗകര്യപ്രദമായ സ്ഥലത്ത് സ്ഥാപിച്ചു ഗണിതവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ, മറ്റു വിവരങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നു | ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിന്<br>കുട്ടികൾക്ക് അറിവ് നേടുന്നതിന് | ഗണിത ക്ലബ്ബ് | എല്ലാദിവസവും | PTA |

UP

## ഭാഷകൾ - പൊൻപുലരി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|---|
| ഭാഷയിലെ പിന്നോക്കാവസ്ഥ പരിഹരിച്ച് ഉയർന്ന ശേഷികൾ കൈവരിക്കൽ. | വായനാ സാമഗ്രികൾ വായനാ മൂല ICT സാധ്യത ഉപയോഗപ്പെടുത്തി ഓഡിയോ വീഡിയോ പ്രദർശനം, ക്ലാസ് ലൈബ്രറി. | സ്വന്തം ആശയങ്ങൾ സ്ഥലകാല സാഹചര്യങ്ങൾക്കനുസരിച്ച് തെറ്റ് കൂടാതെ പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം നേടിയെടുക്കുന്നു | ഭാഷാ അധ്യാപകർ | ദീർഘ കാലം | PTA |
| കുട്ടികളിലെ ഭാഷാഭിരുചിയെ വളർത്തിക്കൊണ്ട് ഹിന്ദി മലയാളം സംസ്കൃതം ഇംഗ്ലീഷ് എന്നീ ഭാഷകളിൽ വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനുള്ള കഴിവ് നേടൽ. | സ്കൂൾ തല റേഡിയോ സ്റ്റേഷൻ, വായനാ മൂല ICT സാധ്യത ഉപയോഗപ്പെടുത്തി ഓഡിയോ വീഡിയോ പ്രദർശനം, ക്ലാസ് ലൈബ്രറി. | മാധ്യമങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്യു ഭാഷാനൈപുണിയെ വികസിപ്പിക്കുന്നു | ക്ലാസ് ടീച്ചർ | | |
| വിദ്യാർത്ഥികളുടെ സാഹിത്യാഭിരുചിയും സർഗാത്മകതയും വളർത്തിയെടുക്കുന്നു. | നാടൻ കലാരൂപങ്ങളുടെ പ്രദർശനം, ഭിന്നശേഷിക്കാർക്ക് ചിത്രരചന മത്സരങ്ങൾ, അസംബ്ലി, പോസ്റ്റർ നിർമ്മാണവും പ്രദർശനവും സർഗാത്മക രചനകൾ, വിദ്യാരംഗം, കലാസാഹിത്യ വേദി, വായനക്കുറിപ്പ് പതിപ്പ് നിർമ്മാണം | എല്ലാ കുട്ടികളും സ്വതന്ത്രമായി ഭാഷകൾ വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനും ഉള്ള കഴിവ് നേടുന്നു സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നു | ഭാഷാധ്യാപകൻ പി ടി എ | ദീർഘ കാലം | PTA OSA |

UP

## അറിയാം സമൂഹത്തെ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ | ചുമതല | സമയം | സാമ്പത്തികം |
|---|---|---|---|---|---|
| വിദ്യാർത്ഥികളിൽ ഉള്ള ക്രിയാത്മകമായ ചിന്തകളെ ഉണർത്തി അവരിൽ സാമൂഹികാവബോധം സൃഷ്ടിക്കുന്നു | സ്വാതന്ത്ര്യ സമര സേനാനികളുടെ ചിത്രങ്ങളും വാർത്തകളും ഉൾപ്പെടുത്തി കൊളാഷ് ആൽബം പോസ്റ്റർ എന്നിവയുടെ നിർമ്മാണം, പ്രദർശനം | വ്യക്തിഗത മൂല്യങ്ങൾ, സാമൂഹിക മൂല്യങ്ങൾ എന്നിവയുടെ പ്രാധാന്യം തിരിച്ചറിയുന്നു | സാമൂഹ്യശാസ്ത്ര അധ്യാപിക | ജൂലൈ, ഓഗസ്റ്റ് | - |
| പ്രാദേശിക ചരിത്രാവബോധം വളർത്തുന്നു | ചരിത്രമ്യൂസിയ സന്ദർശനം, പഠനയാത്ര | ചരിത്രപഠനം കാര്യക്ഷമമാവുന്നു | പി ടി എ, സാമൂഹ്യശാസ്ത്ര അധ്യാപിക | II term | 5000 |
| ഭൂപട വായന | കേരളം, ഇന്ത്യ, ലോക ഭൂപടം പരിചയപ്പെടുത്തുന്നു. ICT ൽ കേരള ജില്ലകൾ ഗെയിം കളിക്കുന്നു റോൾ പ്ലേ | ലോകരാജ്യങ്ങളെ കുറിച്ചും വിവിധ സ്ഥലങ്ങളെക്കുറിച്ചും ധാരണ കൈവരിക്കൽ | സാമൂഹ്യശാസ്ത്ര അധ്യാപിക | പാഠഭാഗങ്ങൾ ക്കൊപ്പം | - |
| പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുക | ആഴ്ചയിൽ പത്ത് ആനുകാലിക ചോദ്യങ്ങൾ നൽകുന്നു. അഞ്ചു ചോദ്യങ്ങൾ കുട്ടികൾ ശേഖരിക്കുന്നു | വായന പരിപോഷിപ്പിക്കുന്നു പൊതുവിജ്ഞാനം വർദ്ധിക്കുന്നു | ക്ലാസ് ടീച്ചർ | 3 മാസത്തിൽ ഒരിക്കൽ | 5000 |
| നിർമ്മാണപ്രവർത്തനങ്ങൾ | ഭൂപടനിർമ്മാണം, വളരുന്ന സോഷ്യൽ സയൻസ് പുസ്തകം, ആൽബം, എന്റെ സോഷ്യൽ സയൻസ് കളക്ഷൻ etc. | സാമൂഹിക ശാസ്ത്ര അഭിരുചി വളർത്തൽ | സാമൂഹ്യ ശാസ്ത്ര അധ്യാപിക | ദീർഘകാലം | - |

## ശാസ്ത്രവിസ്മയങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ | ചുമതല | സമയം | സാംബത്തികം |
|---|---|---|---|---|---|
| ശാസ്ത്രലാബു നവീകരണം | LP, UP ക്ലാസ്സുകളിലെ ശാസ്ത്ര പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ. പരീക്ഷണങ്ങൾക്കാവശ്യമായ സാമഗ്രികളുടെയും വസ്തുക്കളുടെയും ലിസ്റ്റ് തയ്യാറാക്കൽ. ശാസ്ത്ര ഉപകരണങ്ങളുടെയുംരാസവസ്തുക്കളുടെയും ശേഖരണം , ക്രമീകരണം. | ശാസ്ത്ര പഠനത്തിൽ ശാസ്ത്രീയ രീതി പരിശീലിക്കാൻ സാധിക്കുന്നു ശാസ്ത്രാഭിരുചി വളർത്തുന്നതിനായി ഇടയാക്കുന്നു | P.T.A.<br>സയൻസ് ടീച്ചർ | ജൂൺ-ഫെബ്രുവരി | OSA<br>PTA |
| ശാസ്ത്രപോഷണം | പരീക്ഷണങ്ങൾ ചെയ്യാനും തത്ത്വങ്ങൾ അവതരിപ്പിക്കാനും ഉള്ള അവസരങ്ങൾ ഒരുക്കൽ . ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആചരിക്കൽ. | പരീക്ഷണ നിരീക്ഷണ ശേഷികൾ ആർജിക്കുന്നു. | സയൻസ് ക്ലബ് | ജൂൺ-ഫെബ്രുവരി | [illegible] |
| പരിസ്ഥിതിസൗഹൃദമനോഭാവം വളർത്തുക | ശലഭ ക്ലബ്ബിന്റെ നേതൃത്ത്വത്തിൽ ശലഭോദ്യാനം പരിപാലനം, പച്ചക്കറിത്തോട്ടം. | പ്രകൃതി സ്നേഹവും നിരീക്ഷണ പാടവവും വളരാൻ സഹായിക്കുന്നു | ശലഭ ക്ലബ് , P.T.A. | ജൂൺ-ഫെബ്രുവരി | PTA |
| വ്യക്തിശുചിത്ത്വവും സാമൂഹികശുചിത്ത്വവും പാലിച്ചുകൊണ്ട്ശാരീരികമാനസികസാമൂഹികആരോഗ്യം കൈവരിക്കാൻസഹായിക്കുക | ബോധവത്ക്കരണ ക്ലാസുകൾ, പഠന യാത്ര | സാമൂഹികവുംമാനസികവും ശാരീരികവുമായ ആരോഗ്യം കൈവരിക്കാൻസാധിക്കുന്നു. | P.T.A. പഞ്ചായത്ത് | ജൂൺ-ഫെബ്രുവരി | PTA |

UP

| | | | | | |
|---|---|---|---|---|---|
| ശാസ്ത്രലാബു നവീകരണം | LP, UP ക്ലാസ്സുകളിലെ ശാസ്ത്ര പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ. പരീക്ഷണങ്ങൾക്കാവശ്യമായ സാമഗ്രികളുടെയും വസ്തുക്കളുടെയും ലിസ്റ്റ് തയ്യാറാക്കൽ. ശാസ്ത്ര ഉപകരണങ്ങളുടെയും‌രാസവസ്തുക്കളുടെയും ശേഖരണം , ക്രമീകരണം. | ശാസ്ത്ര പഠനത്തിൽ ശാസ്ത്രീയ രീതി പരിശീലിക്കാൻ സാധിക്കുന്നു ശാസ്ത്രാഭിരുചി വളർത്തുന്നതിനായി ഇടയാക്കുന്നു | P.T.A.<br>സയൻസ് ടീച്ചർ | ജൂൺ-ഫെബ്രുവരി | 5000 |
| ശാസ്ത്രപോഷണം | പരീക്ഷണങ്ങൾ ചെയ്യാനും തത്ത്വങ്ങൾ അവതരിപ്പിക്കാനും ഉള്ള അവസരങ്ങൾ ഒരുക്കൽ . ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആചരിക്കൽ. | പരീക്ഷണ നിരീക്ഷണ ശേഷികൾ ആർജിക്കുന്നു. | സയൻസ് ക്ലബ് | ജൂൺ-ഫെബ്രുവരി | PTA |
| പരിസ്ഥിതിസൗഹൃദമനോഭാവം വളർത്തുക | ശലഭ ക്ലബ്ബിന്റെ നേതൃത്ത്വത്തിൽ ശലഭോദ്യാനം പരിപാലനം, പച്ചക്കറിത്തോട്ടം. | പ്രകൃതി സ്നേഹവും നിരീക്ഷണ പാടവവും വളരാൻ സഹായിക്കുന്നു | ശലഭ ക്ലബ് , P.T.A. | ജൂൺ-ഫെബ്രുവരി | PTA, OSA |
| വ്യക്തിശുചിത്ത്വവും സാമൂഹിക ശുചിത്ത്വവും പാലിച്ചുകൊണ്ട് ശാരീരികമാനസിക സാമൂഹികആരോഗ്യം കൈവരിക്കാൻ സഹായിക്കുക | ബോധവത്ക്കരണ ക്ലാസുകൾ, പഠന യാത്ര | സാമൂഹികവുംമാനസികവും ശാരീരികവുമായ ആരോഗ്യം കൈവരിക്കാൻ സാധിക്കുന്നു. | P.T.A.<br>പഞ്ചായത്ത് | ജൂൺ-ഫെബ്രുവരി | OSA |

ദേവധാർ യു.പി. സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ. സംസ്കൃതം [illegible] അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പരിശീലിപ്പിക്കുക. | പുതിയ പാഠങ്ങൾ, പദ്യങ്ങൾ [illegible] എന്നിവയിൽ വരുന്ന സംസ്കൃതം അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷരമാല കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | സംസ്കൃതം ടീച്ചർ. | |
| സംസ്കൃതം വായന തെറ്റുകൂടാതെ സംസ്കൃതം വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും ITC സാധ്യത ഉപയോഗിച്ച് ചിത്രകഥകൾ കാണിച്ചും. അതിൽ കാണുന്നവ വായിച്ച് കേൾപ്പിച്ച് കുട്ടികൾ കൂടുതൽ ആകർഷിപ്പിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ. | സംസ്കൃതം ടീച്ചർ. | |

| | | | | |
|---|---|---|---|---|
| സംസ്കൃതം സംസാരം. സംസ്കൃതം സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും | സംസ്കൃതം മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ സംസ്കൃതത്തിൽ തന്നെ ചോദിക്കും സംസ്കൃതത്തിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും. | ജൂൺ മുതൽ ഫെബ്രുവരി വരെ | സംസ്കൃതം അധ്യാപിക. | |
| സംസ്കൃതശിബിരം സംസ്കൃതത്തിൽ സംസാരിക്കാനുള്ള ഭാഷ പരിചയ ഒരുക്കും. | വായനയ്ക്ക് സംസ്കൃതം ഖണ്ഡവായന നടത്തി കുട്ടികൾക്ക് സമ്മാനം നൽകുന്നു. | | | പിടിഎ. സംഭാവന |
| സംസ്കൃതം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകതകളെ വളർത്തലും | ഇ- കമ്പ്യൂട്ടറിംഗ് മുഴുവൻ കുട്ടികളെയും സംസ്കൃതം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- കമ്പ്യൂട്ടറിംഗ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | രണ്ട് വർഷം | സംസ്കൃതം അധ്യാപിക. | |
| എച്ച്. എം. അവതരണം | ആഴ്ചയിലെ ഒരു ദിവസം സ്കൂൾ എച്ച്. എം. അവതരണം | ജനുവരി മുതൽ. | സംസ്കൃതം ടീച്ചർ. | |

| | | | | |
|---|---|---|---|---|
| സാംസ്കാരിക കലാ വാസനകളെ പരിപോഷിപ്പിക്കൽ | സംഗീതാവിഷ്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചെറു നാടകങ്ങൾ ശ്ലോകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. ശില്പശാലകൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ. | സംസ്കൃതം അധ്യാപിക. | പിടിഎ OSA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## ഹിന്ദി (യു.പി)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) യു.പി. തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം. | ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ, വായനാ കാർഡുകൾ തയ്യാറാക്കൽ, ഹിന്ദി ബാലഗീതങ്ങൾ ശേഖരിക്കൽ, കൂടാതെ കവിതാശകലങ്ങൾ, ലഘു പ്രസംഗങ്ങൾ എന്നിവയുടെ അവതരണത്തോടെ ക്ലാസ് ആരംഭിക്കും. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ |
| 2) വിദ്യാർഥികൾക്ക് ഹിന്ദി വൃത്തിയായി എഴുതാൻ സാധിക്കണം. | അധിക വായന നടത്തുന്ന വിദ്യാർത്ഥികൾ പുസ്തകത്തിൽ നിന്നുള്ള ഭാഗങ്ങൾ കോപ്പി ബുക്കിൽ വൃത്തിയായി എഴുതും. A4 പേപ്പറിൽ തയ്യാറാക്കുന്ന ഇത്തരം രചനകൾ കൂട്ടിച്ചേർത്ത് ക്ലാസ് മാസികകൾ തയ്യാറാക്കും. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ |
| 3) ഹിന്ദിയിൽ പാടാനും പറയാനും എഴുതാനും വിദ്യാർഥികളെ പ്രാപ്തരാക്കുന്നു. | കഥാപൂരണം, കവിതാ രചന, പ്രസംഗം, കവിതാ പാരായണം തുടങ്ങിയ മത്സരങ്ങൾ നടത്തും. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 4) വിദ്യാർത്ഥികളിൽ രാഷ്ട്ര ഭാഷയോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നു. | ഹിന്ദി ദിനം, പരിസ്ഥിതി ദിനം, ശിശു ദിനം തുടങ്ങിയ ദിനാചരണങ്ങൾ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ |
| 5) ഹിന്ദിയിൽ പരിപാടികൾ അവതരിപ്പിക്കാനുള്ള അവസരം എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കുന്നു. | ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും. ഓരോ ആഴ്ചയിലേയും പ്രാർത്ഥന, പ്രതിജ്ഞ, വാർത്താ വായനം തുടങ്ങിയവയെല്ലാം ഹിന്ദി മാധ്യമത്തിലായിരിക്കും. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ |

ST. XAVIERS HIGH SCHOOL KARHNCHIRA : [HS SECTION]

Academic Master Plan - English Language.

Name of Project : To enhance English Language proficiency of Learners

Aim : To enable the learners to read, write, speak and understand English.

Objectives :
* To enable learners to develop thinking skills
* To motivate learners to write stories, poems, creative writings
* To prepare appreciation of the poems.
* To enable learners to write discourses like letter writing, conversation, character sketch, Profile, Comprehension passage, Notice, Diary, Narration
* To enable students to enact role-plays, skit etc.
* To express ideas and feelings in the target languages.

Resource Support : Text books, Hand Book, ICT, journals, Recorded audios, Videos, Library books, Newspapers, Moral short stories, Pictures, Films, Talks of important personalities.

Extra Activities :
* Club Activities
* Conducting English Assembly
* Important Day Celebrations.
* Conducting Competitions.
* Reading Corner
* Distributing Library Books.

Responsibility :
* English Teachers.
* Class Teachers
* Head Mistress and PTA

Duration :

മേഖല - വൈവിധ്യങ്ങൾ - സാമൂഹ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>അക്ഷരക്കാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ നിർമ്മിക്കുക<br>വാക്യങ്ങൾ നിർമ്മിക്കുക<br>ചിത്രം - അടിക്കുറിപ്പ്<br>ചിത്രം - കഥ എഴുതൽ<br>ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | ആഗസ്റ്റ്<br>സെപ്റ്റംബർ | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | സംസ്കൃതം<br>അധ്യാപിക |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. | വായനക്കൂട്ടം രൂപീകരിക്കൽ<br>വായനമത്സരം സംഘടിപ്പിക്കൽ | | | |

| | പേര് | | ...കൾ | ...കൾ | | പ്രവർത്തനങ്ങൾ | H.S<br>സാമ്പത്തിക സ്രോതസ്സ് - |
|---|---|---|---|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്രലാബ് | സാമൂഹ്യശാസ്ത്ര പഠനം എളുപ്പമാക്കൽ | സാമൂഹ്യശാസ്ത്ര Club, PTA. SS. അധ്യാപകർ | Std-8-10 പഠിതാക്കൾ | 5 മാസം. | നിലവിലുള്ള SS. Lab മികച്ചതാക്കണം, School-ൽ ഉള്ള ഗ്ലോബ്, അറ്റ്ലസ്, ഭൂപടങ്ങൾ എന്നിവ സജ്ജീകരിക്കണം. പഴയ കാർഷികോപകരണങ്ങൾ, നാണയങ്ങൾ ശേഖരിക്കണം. | OSA<br>PTA |
| 2 | Social Lab | ചരിത്രകാരന്മാരെയും ചരിത്ര സംഭവങ്ങളും പരിചയപ്പെടുത്തൽ | സാമൂഹ്യശാസ്ത്ര Club, PTA | | 2 മാസം | രാജാക്കന്മാർ, സ്വാതന്ത്ര്യസമരസേനാനികൾ ചരിത്രകാരന്മാർ എന്നിവരുടെ ഫോട്ടോകൾ ശേഖരിച്ച് ആൽബം നിർമിക്കുക. | അധ്യാപകർ. |
| 3 | ഭരണഘടന | ഭരണഘടനയിലൂടെ. മൂല്യങ്ങളെക്കുറിച്ച് ഉൾക്കാഴ്ചവരുത്തൽ. | SS. club, PTA. SS. അധ്യാപകർ. | Std, 8-10 | 2 മാസം | ഭരണഘടനയുടെ ആമുഖം School Assembly-യിൽ വായിക്കണം. പ്രധാന അനുച്ഛേദങ്ങൾ വിശദമാക്കണം. ഭരണഘടനയോട് താൽപര്യം ജനിപ്പിക്കണം. | അധ്യാപകർ. |

പ്രവർത്തനം: രചന ശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവ കലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ ബന്ധമൊരുക്കാൻ സാമഗ്രികളുടെ നിർമാണം | കഥയരങ്ങ്, കവിയരങ്ങ്, രചന ശില്പശാല എന്നിവ സംഘടിപ്പിക്കൽ, ഉല്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | മധ്യകാലം | മലയാളം ക്ലബ്ബ് | 2000 വിദ്യാരംഗം കലാ സാഹിത്യ വേദി |
| പ്രവർത്തനം | സർഗ്ഗസല്ലാപം | | | |
| ഉപമേഖല | ഭാഷാ വികസനം | | | |
| ഭാഷയിലൂടെ വിവിധ ശേഷികളിൽ അറിവു നേടുക. | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ അവരുടെ വായന/എഴുത്ത് അഭിമുഖങ്ങൾ/സെമിനാറുകൾ | മധ്യകാലം | മലയാളം അധ്യാപകർ | 1000 |
| പ്രവർത്തനം | സർഗ്ഗശേഷി വികസനം | | | |
| ഉപമേഖല | | | | |
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്ത സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ, സാഹിത്യ നായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | ദീർഘകാലം | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചിലവ് |
|---|---|---|---|---|
| സർഗ്ഗാത്മക രചനാ ശേഷി വികസനം | വിദ്യാർത്ഥികളുടെ വ്യത്യസ്ത രചനകൾ ഉൾപ്പെടുത്തി കൈയെഴുത്തു മാസിക പ്രസിദ്ധീകരിക്കുന്നു | ഹ്രസ്വം | വിദ്യാരംഗം കലാ സാഹിത്യ വേദി | 1000 |
| പ്രവർത്തനം : ഉപമേഖല | അക്ഷരമാല പഠനം<br>ഭിന്നശേഷിക്കാർ ഉൾപ്പെടെ എല്ലാവരും അക്ഷരമാല പഠിക്കണം | | | |
| അറിവിന്റെ താക്കോൽ അക്ഷരം - എല്ലാവരിലും എത്തിക്കൽ | പഠനത്തിന്റെ വ്യത്യസ്ത കാലങ്ങളിൽ അക്ഷരമാല കൃത്യമായി അറിയാത്തവരെയും ഭിന്നശേഷി വിദ്യാർത്ഥികളെയും കണ്ടെത്തി അവർക്ക് അക്ഷരം പഠിപ്പിക്കൽ | ദീർഘം | മലയാളം അധ്യാപകർ | |
| പ്രവർത്തനം | വിവിധ സാഹിത്യകാരന്മാരെ പരിചയപ്പെടൽ | | | |
| സാഹിത്യകാരന്മാരെ അറിയൽ | കവികൾ, സാഹിത്യകാരന്മാർ എന്നിവരുടെ ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ / ലൈബ്രറി ഉപയോഗപ്പെടുത്തൽ | ദിനം പ്രതി | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവർത്തനം : | ദിനാചരണങ്ങൾ | | | |
| ഉപമേഖല : | സമഗ്രവികസനം. | | | |
| വിവിധ ശേഷികളുടെ വികസനം | നിശ്ചിത ദിവസങ്ങളിൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | മധ്യകാലം | മലയാളം അധ്യാപകർ. | |
| പ്രവർത്തനം : | പഠനയാത്രകൾ | | | |
| ഉപമേഖല : | ദൃശ്യകലകളെക്കുറിച്ച് അറിയുന്നതിന്. | | | |
| കല, സംസ്കാരം തിരിച്ചറിയുന്നതിന് | കേരള കലാമണ്ഡലത്തിലേക്കും ഉണ്ണായി വാര്യർ സ്മാരക നിലയത്തിലേക്കും പഠനയാത്ര സംഘടിപ്പിക്കുന്നു. | മധ്യകാലം | മലയാളം അധ്യാപകർ | 2000 |
| പ്രവർത്തനം | കൈയെഴുത്തു മാസിക നിർമ്മാണം | | | |
| ഉപമേഖല | സർഗാത്മക രചന പ്രോത്സാഹനം | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഹിന്ദി (ഹൈസ്കൂൾ)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിദ്യാലയത്തിലെ ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് - ഹിന്ദി ക്ലബ്ബ് | ക്ലാസ് തലത്തിലും വിദ്യാലയ തലത്തിലും പ്രസിഡന്റ്, സെക്രട്ടറി, മൂന്ന് കമ്മിറ്റി അംഗങ്ങൾ എന്നിങ്ങനെ അഞ്ച് ചുമതലക്കാരുടെ നേതൃത്വത്തിൽ ഹിന്ദി ഭാഷയുടെ ഉന്നതി ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |
| 2) വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് ഹിന്ദി പഠനം കൂടുതൽ ആസ്വാദ്യകരവും ഫലപ്രദവുമാക്കാൻ സാധിക്കും. | ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവിധ ദൃശ്യ, ശ്രവ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് വിവരസാങ്കേതിക വിദ്യ വിനിയോഗിക്കും. ഹിന്ദി ടൈപ്പിംഗിന്റെ പ്രാഥമിക പാഠങ്ങൾ വിദ്യാർത്ഥികൾക്ക് നൽകും. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) വിദ്യാർത്ഥികൾക്ക് ഹിന്ദി ഭാഷയോടുള്ള താത്പര്യം വർദ്ധിപ്പിക്കാൻ - ഹിന്ദി ഫെസ്റ്റ് | ഹിന്ദി ദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിൽ ഹിന്ദി ഫെസ്റ്റ് ആഘോഷപൂർവ്വം നടത്തും. അധ്യാപനത്തിലോ സാഹിത്യത്തിലോ പ്രസിദ്ധരായവരെ കൊണ്ട് ഉദ്ഘാടനം നടത്തും. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 4) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | കഥ, വായന, കവിത, വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 5) മാതൃഭാഷയെപ്പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. ഹിന്ദി തിയേറ്ററുകൾ സജ്ജീകരിക്കും | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 6) വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടിയെ പ്രാപ്തമാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു.<br>പ്രശസ്ത ജേർണലിസ്റ്റുകളുമായി അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ<br>ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ<br>പി.ടി.എ |

| | പേര് | | | ...ക്താക്കൾ | | പ്രവർത്തനങ്ങൾ | H.S സാമ്പത്തിക സ്രോതസ്സ് - |
|---|---|---|---|---|---|---|---|
| 1 | സാമൂഹ്യ ശാസ്ത്രലാബ് | സാമൂഹ്യശാസ്ത്ര പഠനം എളുപ്പമാക്കൽ | സാമൂഹ്യശാസ്ത്ര club, PTA. SS. അദ്ധ്യാപകർ | Std-8-10 പഠിതാക്കൾ | 5 ദിവസം. | നിലവിലുള്ള SS. Lab നവീകരണം, School-ൽ ഉള്ള ഗ്ലോബ്, അറ്റ്ലസ്, ഭൂപടങ്ങൾ എന്നിവ സജ്ജീകരിക്കുന്നു. പഴയ കാർഷികോപകരണങ്ങൾ, നാണയങ്ങൾ ശേഖരിക്കുന്നു. | OSA PTA |
| 2 | Social Lab | ചരിത്രകാരൻമാരെയും ചരിത്ര സംഭവങ്ങളും പരിചയപ്പെടുത്തൽ | സാമൂഹ്യശാസ്ത്ര club, PTA | | 2 ദിവസം | രാജാക്കന്മാർ, സ്വാതന്ത്ര്യസമര സേനാനികൾ ചരിത്രകാരന്മാർ എന്നിവരുടെ ഫോട്ടോകൾ ശേഖരിച്ച് ആൽബം നിർമ്മിക്കും. | അധ്യാപകർ. |
| 3 | ഭരണഘടന | ഭരണഘടനയിലൂടെ. മൂല്യങ്ങളെക്കുറിച്ച് ഉൾക്കാഴ്ചവരുത്തൽ. | SS. club, PTA. SS. അധ്യാപകർ. | Std, 8-10 | 2 ദിവസം | ഭരണഘടനയുടെ ആമുഖം School Assembly-യിൽ വായിക്കുന്നു. പ്രധാന അനുച്ഛേദങ്ങൾ വിശദമാക്കുന്നു. ഭരണഘടനയോട് താൽപര്യം ജനിപ്പിക്കുന്നു. | അധ്യാപകർ. |

| | | | | | | | |
|---|---|---|---|---|---|---|---|
| 4. | ഉപഭോക്തൃ വിദ്യാഭ്യാസം | ഉപഭോക്താക്കളുടെ അവകാശസംരക്ഷണം | സോഷ്യൽ സയൻസ് Subject Council. | Std. 8-10 പഠിതാക്കൾ | 2 മാസം | ഭക്ഷ്യോൽപന്നങ്ങളുടെ സ്വാധീനവും ഉപഭോക്താക്കളുടെ അവകാശങ്ങളും ഉന്നതവിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക. ഒരു നിയമവിദഗ്ദ്ധനുമായി ഉപഭോക്തൃ കോടതി നടപടിക്രമം പറ്റി അഭിമുഖം നടത്തി റിപ്പോർട്ട് തയ്യാറാക്കൽ. | PTA അധ്യാപകർ |
| 5 | ചരിത്രവീഥികളിലൂടെ | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുക. | SS. Club, PTA. S.S. അധ്യാപകർ | Std. 8-10 പഠിതാക്കൾ | വർഷത്തിൽ ഒരിക്കൽ | ഫീൽഡ് ട്രിപ്പ്. | Sponsorship |

ശാസ്ത്രം വിഭാഗം : HS

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1. ശാസ്ത്ര തത്വങ്ങൾ - ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം.<br>2. സ്കൂൾ തല സയൻസ് എക്സിബിഷൻ<br>3. ഗവേഷണാത്മക പ്രോജക്റ്റ് തെരഞ്ഞെടുത്തുള്ള പഠനം. | | സയൻസ് ക്ലബ്ബ്<br>,,<br>,,<br>,, | പി. ടി. എ |
| 2. ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പു വരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | | സയൻസ് അധ്യാപകർ | പി. ടി. എ |
| 3. ശാസ്ത്രലാബ് നവീകരണം | വിഷയവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, സാമഗ്രികൾ പ്രത്യേകം സജ്ജീകരിക്കൽ | | ,, | — |
| 4. ജൈവവൈവിധ്യ സംരക്ഷണം, പ്രകൃതിവിഭവ സംരക്ഷണം, പ്രകൃതിയോടുള്ള ആദരവ് | Eco Clubന്റെ നേതൃത്വത്തിൽ പ്രകൃതിയെ അടുത്തറിയുന്നതിനായി പഠനയാത്ര സംഘടിപ്പിക്കുന്നു. | വർഷത്തിൽ 1 | അധ്യാപകർ, PTA | പൂർവ്വവിദ്യാർത്ഥി സംഘടന |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമായ വൈദ്യുതി ലഭ്യമാക്കൽ. | 2 വർഷം | പി.ടി.എ | OSA |
| 6. ശാസ്ത്രമാഗസിൻ തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ എന്നിവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക തയ്യാറാക്കൽ | വർഷത്തിൽ - 1 | SRG, സയൻസ് അധ്യാപകർ | അധ്യാപകർ |
| 7. ഔഷധസസ്യപ്രദർശനം ഔഷധസസ്യങ്ങളുടെ പ്രാധാന്യം മനസിലാക്കുന്നതിനും പ്രാദേശിക ഇനങ്ങൾ കണ്ടെത്തി നട്ടുവളർത്തുന്നതിനും | വീടിന്റെയും വിദ്യാലയത്തിന്റെയും പരിസരത്ത് നിന്നും ഔഷധ സസ്യങ്ങൾ ശേഖരിക്കുന്നു. തരം തിരിച്ച് നാമം എഴുതി വയ്ക്കുന്നു. ഏതൊക്കെ രോഗങ്ങൾക്ക് ഔഷധമായി ഉപയോഗിക്കാം എന്ന് എഴുതി പ്രദർശിപ്പിക്കുന്നു. | വർഷത്തിൽ - 1 | അധ്യാപകർ, MPTA | |
| 8. ഇലക്ട്രോണിക് ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് നേടൽ | ഇലക്ട്രോണിക് ശില്പശാല പരമാവധി വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. സർക്യൂട്ടുകൾ നിർമ്മിക്കുന്നു. | വർഷത്തിൽ 1 | സയൻസ് അധ്യാപകർ | PTA, MPTA |

# അക്കാദമികമാസ്റ്റർ പ്ലാൻ ഹൈസ്കൂൾ

## ഗണിതം

നിത്യജീവിതത്തിൽ എല്ലാവർക്കും പലതരത്തിലുള്ള ഗണിതക്രിയകളുടെ ആവശ്യമുണ്ട്. അളവുകളെ കുറിച്ചുള്ള ധാരണകളും അവ ഉപയോഗിച്ചുള്ള ക്രിയകൾ പണമിടപാടുകൾ തുടങ്ങിയ വിവിധ സന്ദർഭങ്ങളിൽ ഗണിതം ആവശ്യമാണ്. കാര്യകാരണ ബന്ധത്തോടെ വസ്തുതകൾ വിശകലനം ചെയ്ത് ശരിയായ നിഗമനത്തിൽ എത്തുന്ന രീതി ഏറ്റവും പ്രകടമാകുന്നത് ഗണിതത്തിലാണ് . ഭൗതികശാസ്ത്രത്തിലും സാമൂഹ്യശാസ്ത്രത്തിലും എല്ലാം ഗണിത രീതികൾ ഉപയോഗിക്കുന്നുണ്ട് . ഓരോ ക്ലാസിലെയും പാഠഭാഗങ്ങൾ മുൻ ക്ലാസുകളിലെ പാഠഭാഗങ്ങളുടെ തുടർച്ചയാണ്. ആയതുകൊണ്ട് തന്നെ ഓരോ ക്ലാസിലെയും ഗണിത ആശയങ്ങൾ ഉറപ്പിക്കണം. വേഗത്തിലും കൃത്യതയോടെയും ചെയ്യുക ജാമിതീയ രൂപങ്ങൾ തിരിച്ചറിയുക, അളവ്, സമയം എന്നിവയെ കുറിച്ചുള്ള വ്യക്തമായ ധാരണ തുടങ്ങിയവയെല്ലാം ചെറിയ ക്ലാസുകളിൽ നിന്നും കുട്ടികൾ നേടിയിരിക്കണം.

| ക്രമനമ്പർ | മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | അക്കാദമികം | നിത്യജീവിതത്തിൽ ഗണിതത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക | പണമിടപാടുകൾ വാങ്ങൽ വിൽക്കൽ പലിശ തുടങ്ങിയ സന്ദർഭങ്ങളിൽ പരിചയപ്പെടുത്തി നിത്യജീവിതത്തിൽ ഗണിതം ആവശ്യമാണെന്ന് ബോധ്യപ്പെടുത്തുന്ന ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു | ഒരു മാസം | ഗണിത അധ്യാപകർ | |
| 2 | ഗണിത ക്ലബ്ബ് | സ്കൂളിലെ ഗണിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക | ഗണിത ദിനാചരണങ്ങൾ ഗണിത മേള ഗണിത ഉദ്യാനം | ഒരു വർഷം | ഗണിത ക്ലബ്ബ് വിദ്യാർത്ഥികൾ | സ്പോൺസർ |
| 3 | ഗണിത ലാബ് | ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കുക ഗണിതം പ്രായോഗികത മനസ്സിലാക്കുക | ഗണിത ഉപകരണങ്ങൾ ക്രമപ്പെടുത്തുന്നു കുറവുള്ളവ കണ്ടെത്തുന്നു പുതിയവ വാങ്ങി ലാബ് സജ്ജീകരിക്കുന്നു | ഒരു വർഷം | ഗണിത അധ്യാപകർ, പിടിഎ | സ്പോൺസർ |

| | | | | | | |
|---|---|---|---|---|---|---|
| 4 | ഗണിത ലൈബ്രറി | കുട്ടികളിൽ വായനാശീലം വളർത്തുക ഗണിതവുമായി ബന്ധപ്പെട്ട കൂടുതൽ അറിവ് നേടാൻ അവസരം കൊടുക്കുക ഗണിത ക്വിസ് ഗണിത മേള തുടങ്ങിയ പരിപാടികൾക്ക് കുട്ടികളെ ഒരുക്കുക | സ്കൂൾ ലൈബ്രറിയിൽ നിന്നും ഗണിത പുസ്തകങ്ങൾ തരംതിരിക്കുക കേടുപാടുകൾ തീർത്ത് കവർ ചെയ്തു നമ്പറിട്ട് ക്രമപ്പെടുത്തുക ഉപയോഗശൂന്യമായവ മാറ്റുക ആവശ്യമായ പുതിയ പുസ്തകങ്ങൾ ശേഖരിക്കുക | 6 മാസം | ഗണിത ക്ലബ്ബ് അംഗങ്ങൾ, ഗണിത അധ്യാപകർ | പൂർവ്വ വിദ്യാർത്ഥികൾ |
| 5 | ശ്രദ്ധ പ്രോജക്ട് | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി ഉന്നത വിജയം നേടാൻ ഒരുക്കുക . പരീക്ഷയെ ധൈര്യപൂർവ്വം നീ അഭിമുഖീകരിക്കുവാൻ ഒരുക്കുക | പ്രീ ടെസ്റ്റ് നടത്തി ഗണിതത്തിലെ പിന്നോക്കക്കാരെ കണ്ടെത്തുന്നു പ്രത്യേക സമയം കണ്ടെത്തി ഇവർക്ക് ഗണിത പഠനത്തിന് അവസരം ഒരുക്കുന്നു പഠന പ്രവർത്തനങ്ങൾ ആവർത്തിച്ച് ചെയ്ത് ആത്മധൈര്യം വളർത്തുന്ന പ്രത്യേകം മോഡ്യൂൾ ശ്രദ്ധ പ്രകാരം ക്ലാസുകൾ നൽകുന്നു | എല്ലാ വർഷവും | ഗണിതത്തിൽ മിടുക്കരായ വിദ്യാർത്ഥികൾ ഗണിത അധ്യാപകർ | |
| 6 | തൊഴിലും ഗണിതവും | ഗണിതത്തിലൂടെയുള്ള തൊഴിൽ സാധ്യതകൾ തിരിച്ചറിയുന്നു | വിവിധ തൊഴിൽ മേഖലയിലെ വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു കുട്ടികളെ ഗ്രൂപ്പുകൾ ആക്കി ഓരോ ഗ്രൂപ്പിന്റെയും നിലവാരത്തിൽ ക്ലാസ് നൽകുന്നു ഫീൽഡ് ട്രിപ്പ് നടത്തുന്നു | രണ്ട് ആഴ്ച | പൂർവ്വ വിദ്യാർത്ഥികൾ, പിടിഎ | |
| 7 | പ്രത്യേക പരിഗണന വേണ്ടവർ | പ്രത്യേക പരിഗണന ആവശ്യമുള്ളവരെ കണ്ടെത്തി ആവശ്യമായ സഹായങ്ങൾ നൽകുക | കുട്ടികളെ മനസ്സിലാക്കി മാനസികമായും പഠനപരമായി ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും നൽകുന്നു | എല്ലാ വർഷവും | അധ്യാപകർ സ്പെഷ്യൽ എഡ്യൂക്കേറ്റർ മാതാപിതാക്കൾ | |

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. മൂല്യങ്ങൾ സംരക്ഷിക്കുന്ന വ്യക്തിത്വത്തിലേക്കുയരാൻ ഓരോ വിദ്യാർത്ഥിക്കും സാധിക്കണം. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ മുന്നോടിയായി ദീർഘകാല കാഴ്ചപ്പാടോടു കൂടി തയ്യാറാക്കിയ വികസന - അക്കാദമിക മാസ്റ്റർ പ്ലാൻ ഫലപ്രാപ്തിയിലെത്തുമെന്ന് ഉത്തമബോധ്യമുണ്ട്. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, സാംസ്കാരിക പ്രവർത്തകർ, പൊതുപ്രവർത്തകർ, സന്നദ്ധസംഘടനപ്രവർത്തകർ എന്നിവരുടെ കൂട്ടായ്മയിലൂടെ ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ സാധിക്കുമെന്ന പ്രതീക്ഷ ഈ വിദ്യാലയത്തിനുണ്ട്. പൊതുവിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികളിലും ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്യ അവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ഉറപ്പാക്കുകയെന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ പ്രഥമലക്ഷ്യം സാക്ഷാത്കരിക്കുക തന്നെ ചെയ്യും. നന്മയുടെ നിറകുടങ്ങളായി വിദ്യാർത്ഥികളെ മാറ്റിയെടുക്കാൻ നമ്മുടെ വിദ്യാലയങ്ങൾക്ക് സാധിക്കട്ടെ